# 45th KERALA STATE FILM AWARDS - 2014

# DECLARATION

## (FICTION)

**10th AUGUST, 2015**
**P.R. CHAMBER, SECRETARIAT**

**KERALA STATE CHALACHITRA ACADEMY**
Sasthamangalam, Thiruvananthapuram - 10
Phone: 0471- 2310323, 2312214

# സംസ്ഥാന ചലച്ചിത്ര അവാർഡ് 2014
# (ചലച്ചിത്ര വിഭാഗം)

## അവാർഡുകൾ

1. **മികച്ച കഥാചിത്രം** – **ഒറ്റാൽ**
**സംവിധായകൻ** – **ജയരാജ്**
**നിർമ്മാതാവ്** – **കെ. മോഹനൻ**
*(നിർമ്മാതാവിന് 2,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. സംവിധായകന് 2,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. )*

യഥാതഥത്തിന്റെ ചോരനേരുതേമ്പിനിൽക്കുന്ന പ്രമേയത്തിന്റെ ദൃശ്യാവിഷ്ക്കാരമികവ് ആദരണീയം.

---

2. **മികച്ച രണ്ടാമത്തെ കഥാചിത്രം** – **മൈ ലൈഫ് പാർട്ട്ണർ**
**സംവിധായകൻ** – **പത്മകുമാർ**
**നിർമ്മാതാവ്** – **റെജിമോൻ കെ.എ.**
*(നിർമ്മാതാവിന് 1,50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. സംവിധായകന് 1,50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

ആഖ്യാനത്തിലെ മാത്രകൾ അണുവിട തെറ്റിയാൽ പാളിപ്പോകാവുന്ന പ്രമേയത്തെ കൃത്യതയോടെ വിന്യസിപ്പിച്ചുകൊണ്ടുനടത്തിയ ജീവിതവിചാരണയുടെ മികവിന്.

---

3. **മികച്ച സംവിധായകൻ** – **സനൽകുമാർ ശശിധരൻ**
**ചിത്രം** – **ഒരാൾപ്പൊക്കം**
*(2,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

ജഡബന്ധിതമായ ജീവിതത്തെ തുടർയാനത്തിൽ ആത്മീയതയുടെ വെളിപാടുകളായി പരിണമിപ്പിച്ചുണർത്തിയ ദൃശ്യാവിഷ്ക്കാരവൈഭവത്തിന്.

---

4. **മികച്ച നടൻ** – **(1) നിവിൻ പോളി**
**(2) സുദേവ് നായർ**
**ചിത്രം** – **(1) ബാംഗ്ലൂർ ഡെയ്സ്, 1983**
**(2) മൈ ലൈഫ് പാർട്ട്ണർ**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും വീതം.)*

(1) നിവിൻ പോളി: പാത്രാവിഷ്ക്കാരത്തിൽ അവനവനെ ത്യജിച്ചുള്ള പകർന്നാട്ടത്തിലെ അനായാസതയ്ക്ക്.
(2) സുദേവ് നായർ: കഥാപാത്രത്തിന്റെ നിശിതതീക്ഷ്ണഭാവങ്ങളെ അരികുകളിൽവരെ സൂക്ഷ്മമായി നിവേശിപ്പിച്ചുകൊണ്ടുള്ള പ്രകാശനത്തിന്.

---

**5. മികച്ച നടി** – **നസ്രിയ നസീം**

**ചിത്രങ്ങൾ** – **ഓം ശാന്തി ഓശാന, ബാംഗ്ലൂർ ഡെയ്സ്**

*(1,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

കഥാപാത്രങ്ങളുടെ ഭാവസൂക്ഷ്മങ്ങളിലെ പ്രസരിപ്പിനെയും നിസ്സഹായതയേയും ആത്മാവിലേയ്ക്കാവാഹിച്ചുകൊണ്ട് അനായാസസുന്ദരമായി കാഴ്ചവെച്ച പ്രകാശനത്തിന്.

---

**6. മികച്ച സ്വഭാവ നടൻ** – **അനൂപ് മേനോൻ**

**ചിത്രം** – **1983, വിക്രമാദിത്യൻ**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

ശരീരഭാഷയെ കഥാപാത്രഭാവത്തിന് അടിയറസമർപ്പിച്ചുകൊണ്ടുള്ള ഭാവപ്രകാശനത്തിലെ വൈവിധ്യമികവിന്.

---

**7. മികച്ച സ്വഭാവ നടി** – **സേതുലക്ഷ്മി**

**ചിത്രം** – **ഹൗ ഓൾഡ് ആർ യു**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

കഥാപാത്രത്തിന്റെ ഉൾവേവുകളെ സംയമിതാഭിനയത്തിലൂടെ ഭാവപൂർണ്ണമായി പകർന്നാടിയതിലെ കൃത്യതയ്ക്ക്.

---

**8. മികച്ച ബാലതാരം (ആൺ)** – **മാസ്റ്റർ അദ്വൈത്**

**ചിത്രം** – **അങ്കുരം**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

കുട്ടിത്തത്തെ കുട്ടിത്തമായി തന്മയത്വത്തോടെ അവതരിപ്പിച്ചതിലെ നൈസർഗ്ഗികതയ്ക്ക്.

---

**9. മികച്ച ബാലതാരം (പെൺ)** – **അന്ന ഫാത്തിമ**

**ചിത്രം** – **രണ്ടുപെൺകുട്ടികൾ**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. )*

കൗമാരത്തിലേയ്ക്ക് കടക്കുന്ന ബാലികയുടെ സഹജശ്രുതിയിൽ അലിവില്ലാത്ത സമൂഹത്തെ പ്രതിരോധിക്കുന്നതിലെ തന്മയത്വമാർന്ന ഭാവപ്രകാശത്തിന്.

---

**10. മികച്ച കഥാകൃത്ത്** – **സിദ്ധാർത്ഥ് ശിവ**

**ചിത്രം** – **ഐൻ**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

സജീവ പ്രസക്തിയുള്ള പ്രമേയപരിവൃത്തത്തിലൂടെ നിവർത്തിച്ച ജീവിതവിചാരണയ്ക്ക്.

---

**11. മികച്ച ഛായാഗ്രാഹകൻ - അമൽ നീരദ്**

**ചിത്രം - ഇയ്യോബിന്റെ പുസ്തകം**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

ഒരു കാലഘട്ടത്തിന്റെ ദൃശ്യവ്യതിരിക്തതയെ നിറങ്ങളിലും നിഴലുകളിലുമായി വിതാനിച്ചതിലെ ഭാവ ഭദ്രതയ്ക്ക്.

---

**12. മികച്ച തിരക്കഥാകൃത്ത് - അഞ്ജലി മേനോൻ**

**ചിത്രം - ബാംഗ്ലൂർ ഡെയ്സ്**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

മൂന്നുധാരകളായി പതഞ്ഞൊഴുകുന്ന ജീവിതച്ചാലുകളെ ഒന്ന് ഒന്നിന്റെ അനുബന്ധവും പൂരകവുമാക്കി നിവേശിപ്പിക്കുന്ന എഴുത്തുവഴിയിൽ വിളങ്ങിയ കാഴ്ചസ്രോതസ്സുകളുടെ മികവിന്.

---

**13. മികച്ച തിരക്കഥ (അഡാപ്റ്റേഷൻ) - രഞ്ജിത്**

**ചിത്രം - ഞാൻ**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

നോവലിന്റെ വിസ്തൃതമായ പ്രമേയപരിവൃത്തത്തെ കാഴ്ചയുടെ എഴുത്തുവഴിയിൽ നിവേഗിച്ചതിലെ ആവിഷ്ക്കാരവൈഭവത്തിന്.

---

**14. മികച്ച ഗാനരചയിതാവ് - ഒ.എസ്. ഉണ്ണികൃഷ്ണൻ**

**ഗാനം - 'ഇത്രപകലിനോടൊത്തുചേർന്നിട്ടുമീ രാവിതെന്തേറെ കറുത്തുപോയി...'**

**ചിത്രം - ല.സാ.ഗു.**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. )*

സന്ദർഭത്തിന്റെയും കഥാപാത്രസംസ്കൃതിയുടെയും ഭാവസ്പന്ദങ്ങളെ ധ്വനിപ്പിക്കുന്ന രചനാവൈഭവത്തിന്.

---

**15. മികച്ച സംഗീത സംവിധായകൻ - രമേഷ് നാരായണൻ**

**ഗാനം - 'ആദിത്യകിരണങ്ങൾ അഞ്ജനമെഴുതും...'**

**ചിത്രം - വൈറ്റ്ബോയ്സ്**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

നഷ്ടവസന്തങ്ങളുടെ വിഷാദമാധുര്യം പകർന്നുതന്ന മെലഡിയുടെ ഭാവഗരിമയ്ക്ക്.

---

**16. മികച്ച സംഗീത സംവിധായകൻ (പശ്ചാത്തല സംഗീതം) - ബിജിബാൽ**

**ചിത്രം - വിവിധ ചിത്രങ്ങൾ**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

പശ്ചാത്തലസംഗീതത്തെ ദൃശ്യവിരുത്തങ്ങൾക്കുപൂരകമായി നിവേശിക്കുന്നതിലെ കൃത്യതയ്ക്ക്.

---

**17. മികച്ച പിന്നണിഗായകൻ** – **ഡോ. കെ.ജെ. യേശുദാസ്**

**ഗാനങ്ങൾ** – **'ആദിത്യകിരണങ്ങൾ അഞ്ജനമെഴുതും...'**

**ചിത്രം** – **വൈറ്റ് ബോയ്സ്**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

ഭാവവും നാദവും പാരസ്വര്യത്തികവിൽ സന്ദർഭത്തിന്റെ വൈകാരികസ്പന്ദമായി നിവേശിക്കുന്നതിലെ പ്രകാശനകൃത്യതയ്ക്ക്.

---

**18. മികച്ച പിന്നണിഗായിക** – **ശ്രേയാഘോഷാൽ**

**ഗാനം** – **'വിജനതയിൽ പാതിവഴിതീരുന്നു...'**

**ചിത്രം** – **ഹൗ ഓൾഡ് ആർ യു?**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

രചനയെ സന്ദർഭത്തിന്റെ ഭാവത്തോടുചേർത്തുപ്രകാശിപ്പിക്കുന്നതിലെ അപൂർവ്വമായ ആലാപന മിഴിവിന്.

---

**19. മികച്ച ചിത്ര സംയോജകൻ** – **ലിജോ പോൾ**

**ചിത്രം** – **ഓം ശാന്തി ഓശാന**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

ആഖ്യാനം അവകാശപ്പെടുന്ന ദൃശ്യവിരുത്തത്തോടുചേർന്ന താളാത്മക സന്നിവേശത്തിന്.

---

**20. മികച്ച കലാസംവിധായകൻ** – **ഇന്ദുലാൽ കാവീട്**

**ചിത്രം** – **ഞാൻ നിന്നോടുകൂടെയുണ്ട്**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

അയഥാർത്ഥങ്ങളെ യഥാർത്ഥത്തിന്റെ ഭാവഗരിമയോടെ ദൃശ്യപരിവൃത്തത്തിൽ നിവർത്തിച്ചതിലെ നൈപുണ്യത്തിന്.

---

**21. മികച്ച ലൈവ് സൗണ്ട്** – **സന്ദീപ് കുറിശ്ശേരി, ജിജിമോൻ ജോസഫ്**

**ചിത്രം** – **ഒരാൾപൊക്കം**

*(25,000/- രൂപയും ശില്പവും പ്രശസ്തിപത്രവും വീതം.)*

ശബ്ദം ദൃശ്യത്തിന് അർത്ഥഗരിമ പകരുന്നതിലെ സമർപ്പിതവിരുതിന്.

---

**22. മികച്ച ശബ്ദമിശ്രണം** – **ഹരികുമാർ**

**ചിത്രം** – **വിവിധ ചിത്രങ്ങൾ**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

ശബ്ദമിശ്രണത്തെ ദൃശ്യനൈരന്തര്യത്തിന് അടിവരയിടുന്ന മികവായി ശ്രുതിചേർത്തതിലെ അനന്യതയ്ക്ക്.

---

**23. മികച്ച ശബ്ദ ഡിസൈൻ - തപസ്നായക്**

**ചിത്രം - ഇയ്യോബിന്റെ പുസ്തകം**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

പ്രമേയപരിവൃത്തത്തിലെ പോയകാലവിരുത്തത്തെ ആവാഹിക്കുന്നതിൽ ദൃശ്യനൈരന്തര്യത്തിനുശബ്ദ പിൻബലമാകുന്നതിലെ കൃത്യതയ്ക്ക്.

---

**24. മികച്ച പ്രോസസിങ് ലാബ്/കളറിസ്റ്റ് - രംഗനാഥൻ (പ്രിസം & പിക്സൽസ്)**

**ചിത്രം - ഇയ്യോബിന്റെ പുസ്തകം / ബാംഗ്ലൂർ ഡെയ്സ്**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

നിറഭേദങ്ങളെ ആവിഷ്ക്കാരശ്രുതിയോട് ഇടചേർത്തതിലെ കൃത്യതയ്ക്ക്.

---

**25. മികച്ച മേക്കപ്പ്മാൻ - മനോജ് അങ്കമാലി**

**ചിത്രം - ഇയ്യോബിന്റെ പുസ്തകം**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

ചമയവൈഭവത്തിലൂടെ ഒരു കാലഘട്ടത്തെ പുനഃസൃഷ്ടിയ്ക്കുവാനുള്ള ചലച്ചിത്രശ്രമത്തിന്റെ പിൻബലമായ മികവിന്.

---

**26. മികച്ച വസ്ത്രാലങ്കാരം - സമീറ സനീഷ്**

**ചിത്രം - വിവിധ ചിത്രങ്ങൾ**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

അതാതു ചലച്ചിത്രത്തിന്റെ രസതന്ത്രത്തോടുശ്രുതിചേർത്തുള്ള വേഷവിഭാവനത്തിലെ വൈഭവമികവിന്.

---

**27. മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (ആൺ) - ഹരിശാന്ത് (ശരൺ)**

**ചിത്രം - വൈറ്റ്ബോയ്സ്**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

കഥാപാത്രത്തിന്റെ സങ്കീർണ്ണമായ ഭാവശകലങ്ങൾക്ക് ശബ്ദശ്രേണിയിൽ അകമ്പടിയായതിലെ അനായാസതയ്ക്ക്.

---

**28. മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (പെൺ) - വിമ്മി മറിയം ജോർജ്ജ്**

**ചിത്രം - മുന്നറിയിപ്പ്**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

കഥാപാത്രത്തിന്റെ സന്ദേഹങ്ങളെയും വിഹ്വലതകളെയും വിസ്മയങ്ങളെയും നിസ്സഹായതയേയും ആവിഷ്ക്കരിക്കുന്നതിൽ നൽകിയ ശബ്ദപിൻബലത്തിലെ അനന്യമായ അനായാസതയ്ക്ക്.

---

**29. മികച്ച നൃത്തസംവിധായകൻ - സജ്നാ നജാം**

**ചിത്രം - വിക്രമാദിത്യൻ**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

പ്രത്യേക സമൂഹത്തിന്റെ ദേശസംസ്കൃതിയോടുചേർന്ന് കഥാസന്ദർഭങ്ങൾക്ക് അനുശ്രുതിയായി നിവേശിച്ച വൃത്തഭംഗിയ്ക്ക്.

---

**30. ജനപ്രിതിയും കലാമേന്മയുമുള്ള മികച്ച**

**ചിത്രത്തിനുള്ള പ്രത്യേക അവാർഡ് ചിത്രം - ഓം ശാന്തി ഓശാന**

**സംവിധായകൻ - ജൂഡ് ആന്റണി ജോസഫ്**

**നിർമ്മാതാവ് - ആൽവിൻ ആന്റണി (കെ.എ. ആന്റണി)**

*(നിർമ്മാതാവിനും സംവിധായകനും 1,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും വീതം*

കാഴ്ച കഥപറയുന്ന ദൃശ്യാവിഷ്ക്കാരമികവിലൂടെ പ്രസാദമധുരമായ ജീവിതക്കാഴ്ച പകർന്നുതന്നതിലെ അളവുഭംഗിയ്ക്ക്.

---

**31. മികച്ച നവാഗത സംവിധായകൻ - എബ്രിഡ് ഷൈൻ**

**ചിത്രം - 1983**

*(1,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

ഒരു കായികവിനോദത്തിന്റെ ചുറ്റുമായി തലമുറകളിലൂടെ പ്രസരിക്കുന്ന ജീവിതപ്രത്യാശകളെ ഉണർത്തുപാട്ടായി നിവേശിക്കുന്നതിലെ ദൃശ്യാവിഷ്ക്കാരമികവിന്.

---

## മികച്ച കുട്ടികളുടെ ചിത്രം

**32. ചിത്രം - അങ്കുരം**

**സംവിധായകൻ - ടി. ദീപേഷ്**

**നിർമ്മാതാവ് - പ്രദീപ് കാൻധാരി**

*(നിർമ്മാതാവിന് 3,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. സംവിധായകന് 1,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

കുട്ടിമനസ്സിന്റെ ഇത്തിരിക്കാഴ്ചയിലൂടെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള വലിയ അന്യോന്യത്തെ അനുപാതപ്പെടുത്തുവാനുള്ള ആത്മാർത്ഥ ശ്രമത്തിന്.

---

## പ്രത്യേക ജൂറി അവാർഡ്

**33. അഭിനയം - പ്രതാപ് പോത്തൻ**

**ചിത്രം - വൺസ് അപ്പോൺ എ ടൈം**
**ദയർ വാസ് എ കള്ളൻ**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും.)*

കഥാപാത്രത്തിന്റെ ഉള്ളടക്കത്തിലെ നീറ്റലുകളെ ഉറഞ്ഞാടി പ്രകാശിപ്പിച്ചതിലെ അസാധാരണ കൃത്യതയ്ക്ക്.

---

# പ്രത്യേക ജൂറി പരാമർശം

**1. ആലാപനം** – **എം.ജി. സ്വരസാഗർ**

**ചിത്രം** – **മണൽചിത്രങ്ങൾ**

*(ശില്പവും പ്രശസ്തി പത്രവും)*

'കുഞ്ഞിക്കുരുവികളെ...', 'ദൂരെ... ചാരെ... വാചാലമായ്...' എന്നീ ഗാനങ്ങളുടെ ആലാപനത്തിലെ ഭാവ പൂർണ്ണതയ്ക്ക്.

---

**2. നിർമ്മാണം** – **ഡോ. ജോർജ്ജ് മാത്യു**

**ചിത്രം** – **അപ്പോത്തിക്കിരി**

*(ശില്പവും പ്രശസ്തി പത്രവും)*

ആരോഗ്യപരിപാലനരംഗത്തെ കിരാതമായ ചൂഷണങ്ങൾക്കെതിരെയുള്ള രൂക്ഷവിമർശനമായ ഒരു ചലച്ചിത്രം നിർമ്മിച്ചതിലെ സാമൂഹ്യപ്രതിബദ്ധതയ്ക്ക് ആദരപൂർവ്വം.

---

**3. നിർമ്മാണം** – **എ.യു.പി.എസ്., ചെമ്പ്രാശ്ശേരി**

**ചിത്രം** – **ല.സാ.ഗു.**

*(ശില്പവും പ്രശസ്തി പത്രവും)*

കുട്ടികളുടെ മനസ്സിലെ മാതൃകകളെ അനുപാതപ്പെടുത്തുന്ന ല.സാ.ഗു. എന്ന ചിത്രത്തിന്റെ നിർമ്മാണത്തിനായി ഒത്തുചേർന്ന എ.യു.പി.എസ്., ചെമ്പ്രാശ്ശേരിയിലെ അധ്യാപകരുടെയും മാനേജ്മെന്റിന്റെയും ഹൃദയമനസ്കൃതയ്ക്ക് ആദരപൂർവ്വം.

---

**4. സംഗീതം** – **യക്സാൻ ഗ്യാരി പെരേര, നേഹ എസ്. നായർ**

**ചിത്രം** – **ഇയ്യോബിന്റെ പുസ്തകം**

*(ശില്പവും പ്രശസ്തി പത്രവും)*

ചിത്രത്തിൽ ഇവർ ഉണർത്തുന്ന സംഗീതപ്രത്യാശകളോടുള്ള ആദരസൂചനകമായി.

---

**5. അഭിനയം** – **ഇന്ദ്രൻസ്**

**ചിത്രം** – **അപ്പോത്തിക്കിരി**

*(ശില്പവും പ്രശസ്തി പത്രവും)*

ജീവിതത്തിൽനിന്നും പകർത്തിയെടുത്ത നേരഭിനയത്തിലെ സത്യസന്ധതയ്ക്ക്.

---